ഇല്ലാതാക്കൽ, സ്ത്രീകൾക്കു വേണ്ടി Victim Support സെല്ലുകൾ രൂപീകരിക്കുക, സ്ത്രീകളും കുട്ടികളും ഇരകളായിട്ടുള്ള അക്രമങ്ങളിലെ അന്വേഷണങ്ങൾക്കും പ്രോസിക്യൂഷനും വേണ്ടി കെട്ടികിടക്കുന്ന ഫയലുകൾ പുനഃപരിശോധിച്ച് വേണ്ട നടപടികൾ എടുക്കുക, ഇത്തരം കേസുകളിൽ ഇരയായിട്ടുള്ളവർക്ക് പുനരധിവാസം നൽകുകയും ആവശ്യമായ മാനസിക പിന്തുണയും വൈദ്യ സഹായവും നൽകുക, സ്കൂളുകളിലും കോളേജുകളിലും ജാഗ്രതാസമിതികൾ രൂപീകരിച്ചുകൊണ്ട് പെൺകുട്ടികൾക്ക് ലൈംഗിക ചൂഷണം, മൊബൈൽ ഫോണിന്റെ ദുരുപയോഗം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുക, സ്ത്രീകൾക്ക് നിയമസഹായത്തിനായി വനിതാ അഭിഭാഷക/ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹായം തേടുക, മദ്യപാനം കാരണം ഉണ്ടാകുന്ന കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദഗ്ദ്ധരുടെ സഹായത്തോടെ കൗൺസിലിംഗ് നൽകുക എന്നീ സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകാൻ ഉദ്ദേശിക്കുന്നത്.

(സി) സ്ത്രീ സൗഹൃദ കേന്ദ്രമായി പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷൻ ഉൾപ്പെടുന്ന പ്രദേശത്തെ സർക്കിൾ ഇൻസ്പെക്ടർ, സ്റ്റേഷൻ ഹൗസ് ഓഫീസർ (സബ് ഇൻസ്പെക്ടർ), വനിതാ പോലീസുകാർ, വനിതാ അഭിഭാഷക എന്നിവർ ഉൾപ്പെടുന്നതാണ് ഈ കേന്ദ്രങ്ങളുടെ ഘടന. വനിതാ അഭിഭാഷകയുടെ സേവനം ലഭ്യമാക്കുന്നതാണ്.

തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ വികസനം

26(*56)ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ വികസനത്തിനായി ഈ വർഷം എത്ര കോടി രൂപ അനുവദിച്ചു എന്നും അതിൽ ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പി.എം.ജി.എസ്.വൈ. പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി മൊത്തം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ വികസനത്തിനായി അവരുടെ വാർഷിക പദ്ധതിയിൽ ലഭ്യമാക്കാൻ കഴിയുന്ന തുകയ്ക്ക് ഉപരിയായി 283.66 കോടി രൂപ സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഗഡുവായി 90 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വാർഷിക പദ്ധതിയിൽനിന്നും പരമാവധി തുക ഈ പദ്ധതിക്കായി നീക്കി വയ്ക്കേണ്ടതുണ്ട്. കൂടുതൽ തുക ലഭ്യമാക്കുന്നതിനായി പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന തുകയുടെ പരിധി 20 ശതമാനത്തിൽനിന്ന് 30 ശതമാനമായി വർദ്ധിപ്പിക്കുകയും റോഡിതര മെയിന്റൻസ് ഫണ്ടിൽനിന്നും 20 ശതമാനം തുക റോഡ് വിഹിതത്തിലേക്ക് വകമാറ്റുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 283.66 കോടി രൂപ അധിക വിഹിതമായി സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,888.272 കി.മി. ദൈർഘ്യം വരുന്ന 742 റോഡുകൾക്ക് (780.94 കോടി രൂപയ്ക്കുള്ള പദ്ധതികൾ) കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചു. 781.088 കി.മി. ദൈർഘ്യം വരുന്ന 376 റോഡുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ കേന്ദ്രഗവൺമെന്റ് അനുവദിച്ച തുകയിൽ 366.36 കോടി രൂപ മാത്രമേ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളൂ. ഇതിൽ 361.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു ലഭിച്ച തുകയുടെ 98.66 ശതമാനമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ബഡ്ജറ്റിൽ ശീർഷകം ഉൾക്കൊള്ളിക്കുകയും, പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ആകെ 25 കോടി (2009-10 വർഷത്തിൽ 5 കോടി, 2010-11 വർഷത്തിൽ 20 കോടി രൂപയും) വകയിരുത്തിയിട്ടുമുണ്ട്. 2010 മുതൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പരിശീലനം കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി (കെഎസ്ആർആർഡിഎ)-യുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ഇൻഫർമാറ്റിക് സെന്ററിന്റെ (എൻ.ഐ.സി.) സഹകരണത്തോടെ പി.എം.ജി.എസ്.വൈ. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും,കരാറുകാർക്കും നൽകിയിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പ്രാവർത്തികമാക്കുമ്പോൾ പല ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലലഭ്യത, നിലവിലുള്ള റോഡുകളിലുള്ള യൂട്ടിലിറ്റീസ് (ടെലിഫോൺ പൈപ്പുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, പൈപ്പ് ലൈനുകൾ തുടങ്ങിയവ) മാറ്റി സ്ഥാപിക്കേണ്ടി വരുന്നതിനുള്ള കാലതാമസം, 1 മുതൽ 8-ാം ക്ലാസ്സ് വരെയുള്ള പ്രവൃത്തികൾക്ക് ടെണ്ടർ പ്രീമിയം,

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യത്തിനുള്ള സാങ്കേതിക ഉദ്യോഗസ്ഥരുടെ കുറവ് എന്നിവ പദ്ധതി നടത്തിപ്പിന് ദോഷകരമായി ബാധിച്ച പ്രധാന ഘടകങ്ങളായിരുന്നു. ഈ തടസ്സങ്ങൾ ലഘൂകരിക്കുന്നതിനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വേണ്ടി സംസ്ഥാന സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചു. അത്തരം നടപടികളിലൂടെ പി.എം.ജി.എസ്.വൈ. പദ്ധതികളുടെ പ്രവർത്തനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചു. ഇത്തരത്തിൽ സ്വീകരിച്ചതായ നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 822.607 കി.മി. ദൈർഘ്യം വരുന്ന 300 റോഡുകളാണ് സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നത്.

ശബരിമല മാസ്റ്റർ പ്ലാൻ

27(*57) ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. അജിത് :
ശ്രീ. മാങ്കോട് മാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ എത്ര പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് ; ഇതിൽ എത്ര പദ്ധതികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) ബാക്കിയുള്ള എത്ര പദ്ധതികൾക്ക് ഇപ്പോൾ മുൻഗണന ലഭിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാൻ പൂർണ്ണമായി നടപ്പാക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ-ബി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ശബരിമല,പമ്പ,നിലയ്ക്കൽ,മറ്റ് പ്രദേശങ്ങൾ എന്നിവിടങ്ങളിലായി വിഭാവന ചെയ്തിട്ടുള്ളത് 50 വർഷക്കാല ത്തേയ്ക്കുള്ള നിരവധി പദ്ധതി നിർദ്ദേശങ്ങളാണ്. അവയ്ക്കു കീഴിലുള്ള പ്രവൃത്തികളുടെ എണ്ണം കൃത്യമായി തീരുമാനിച്ചിട്ടില്ല. പൂർത്തീകരിച്ച പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. നിലയ്ക്കൽ വിശ്രമ പന്തൽ
2. 400 ടോയ്ലറ്റുകൾ നിർമ്മിച്ചു.
3. കുടിവെള്ള വിതരണ ശൃംഖല ഏർപ്പെടുത്തി.

---

* *ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly